**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2921** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻ കെട്ടിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള ഇറിഗേഷൻ ടൂറിസവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ബാരേജിൽ ₹25.412 കോടി രൂപയുടെ 'ഇറിഗേഷൻ - ടൂറിസം' പദ്ധതി നടപ്പിലാക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നവിധം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | വകുപ്പിന് കീഴിലുള്ള ഡാമും അനുബന്ധ ഓഫീസ് കെട്ടിടങ്ങളും ഒഴിച്ചുള്ള ജലവിഭവ വകുപ്പിന്റെ പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദമായിട്ടാണ് പദ്ധതി ആവിഷ്കരിക്കുന്നത്. ടി പദ്ധതിയിൽ പാർക്ക് നവീകരണം, പാർക്കിംഗ് സംവിധാനം, ടോയ്‌ലറ്റ് ബ്ലോക്കുകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുട്ടികൾക്ക് വേണ്ടി പുതിയ റൈഡുകളും വിനോദങ്ങളും, സ്കൈ ട്രെയിൻ, സംഗീത ജലധാര, ഫോഗ് ജനറേറ്റർ, ഓപ്പൺ എയർ ഓഡിറ്റോറിയം, റസ്റ്റോറന്റ്, മിനി കോൺഫറൻസ് ഹാൾ, ഷോപ്പ് റൂമുകൾ, ഫയർ ആൻഡ് സേഫ്റ്റി, പ്ലംബിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയവ ഉൾപ്പെടുന്നു. ₹25.412 കോടി രൂപ മുതൽ മുടക്കിയാണ് ടി പ്രവർത്തനങ്ങൾ പ്രസ്തുത സ്ഥാപനം നടപ്പിലാക്കുന്നത്. |
| (സി) | ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശവാസികൾക്കുകൂടി തൊഴിലും അനുബന്ധ പരിഗണനയും ഉറപ്പുവരുത്തുമോ; | (സി) | പദ്ധതി പ്രാവർത്തികമാക്കുമ്പോൾ പ്രസ്തുത വിഷയം ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. |
| (ഡി) | വർഷങ്ങളായി ഈ പ്രദേശത്ത് ടൂറിസവുമായി ബന്ധപ്പെട്ട് ബോട്ടിംഗ് നടത്തിയവരെക്കൂടി പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പദ്ധതി പ്രാവർത്തികമാക്കുമ്പോൾ പ്രസ്തുത വിഷയം ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ